## കേരള സർവകലാശാല

നം. പി.ആർ.167/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ/ സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2017-18) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) ലഭിക്കും.
(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന് )

### ഒന്നാം വർഷ ബിരുദ പ്രവേശനം-2017
### ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് ജൂലൈ 27 വൈകിട്ട് അഞ്ച് മണി വരെ അവസരം

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, ഐ.എച്ച്.ആർ.ഡി.) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. ജൂലൈ 24-ാം തീയതി വൈകുന്നേരം 5 മണി മുതൽ ജൂലൈയ് 27-ാം തീയതി വൈകുന്നേരം 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. പുതിയ ഓപ്ഷനുകൾ ചേർക്കാനും ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തുവാനും ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ജൂലൈ 27 വൈകുന്നേരം 5.00 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓരോ കോളേജുകളിലും നിലവിലുള്ള ഒഴിവുകളും ഏറ്റവും ഒടുവിൽ പ്രവേശനം ലഭിച്ച കുട്ടിയുടെ ഇൻഡക്സ് മാർക്ക് 'Last Index Mark' എന്നിവ (http://admissions.keralauniversity.ac.in) വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഇൻഡക്സ് മാർക്ക് ഈ വിവരവുമായി താരതമ്യപ്പെടുത്തി തങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഓപ്ഷനുകൾ ക്രമീകരിക്കാവുന്നതാണ്. ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം പരിഗണിച്ച് ജൂലൈ 31-ാം തീയതി നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. ഒന്നാം ഓപ്ഷൻ തന്നെ ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരം ഇല്ല. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷനുകളിൽ മാറ്റം വരുത്താം. ഇപ്പോൾ ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യണം.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017

## ചെങ്ങന്നൂർ എസ്.എൻ.കോളേജിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ സീറ്റൊഴിവ്

ചെങ്ങന്നൂർ എസ്.എൻ.കോളേജിൽ താഴെപ്പറയുന്ന ഒന്നാം വർഷ ബിരുദ കോഴ്സുകൾക്ക് കമ്മ്യൂണിറ്റി ക്വാട്ടയിൽ സീറ്റൊഴിവുണ്ട്. (കെമിസ്ട്രി – 6, ഫിസിക്സ്–3, മാത്തമാറ്റിക്സ് – 2, ഇക്കണോമിക്സ് – 6). ഈ സീറ്റുകളിലേയ്ക്ക് പരിഗണിയ്ക്കപ്പെടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 29.07.2017–നകം കോളേജിൽ അപേക്ഷ സമർപ്പിക്കണം. സർവകലാശാലയിലേയ്ക്ക് അപേക്ഷ അയയ്ക്കേണ്ടതില്ല. റാങ്ക് പട്ടിക 02.08.2017–ന് കോളേജിൽ പ്രസിദ്ധീകരിക്കും. റാങ്ക് പട്ടികയെ സംബന്ധിച്ച് പരാതിയുള്ളവർ 04.08.2017–നകം പ്രിൻസിപ്പലിന് രേഖാമൂലം പരാതി നൽകണം. പരാതികൾ പരിഗണിച്ച് തീർപ്പാക്കിയശേഷം 05.08.2017–ന് കോളേജിൽ പ്രവേശനം നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ – 0479 2360140.

## പ്രവേശനം നേടാതെ അലോട്ട്മെന്റിൽ നിന്നും പുറത്തായ വിദ്യാർത്ഥികൾക്കും അവസരം

ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ഏതെങ്കിലും കോളേജിൽ അലോട്ട്മെന്റ് ലഭിക്കുകയും എന്നാൽ കോളേജിൽ പ്രവേശനം നേടാത്തത് കാരണം തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടാതെപോയവരുമായ വിദ്യാർത്ഥികൾ വെബ്സൈറ്റിലെ (http://admissions.keralauniversity.ac.in) ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അവരെ നാലാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിയ്ക്കുന്നതാണ്. ഇതിനായി പ്രത്യേക അപേക്ഷ സർവകലാശാലയ്ക്ക് നൽകേണ്ടതില്ല.

## ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം ജൂലൈ 31–ന് ആരംഭിക്കുന്ന എം.എ/എം.എസ്സി/എം.കോം സപ്ലിമെന്ററി പരീക്ഷകൾക്ക് (പ്രീവിയസ്) ഓൺലൈനായി അപേക്ഷിച്ചവർ ഹാൾടിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എസ്.ഡി.ഇ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

## എം.ബി.എ പ്രവേശന പരീക്ഷാഫലം

കേരള സർവകലാശാലയുടെ ഐ.എം.കെ/യു.ഐ.എം–ലേക്കുള്ള എം.ബി.എ കോഴ്സിന്റെ പ്രവേശന പരീക്ഷാഫലം സർവകലാശാലയുടെ അഡ്മിഷൻ പോർട്ടലിൽ ലഭിക്കും. മിസ്റ്റർ യൂസഫ് സുഹൈൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. കൗൺസിലിംഗ് ആഗസ്റ്റ് നാലിന് കാര്യവട്ടം ഐ.എം.കെ–യിൽ വച്ച് നടക്കും.

## എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് 2015–17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വീണ ഡിക്രൂസ് (STA 150514/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.എസ്സി ആക്ച്ചൂറിയൽ സയൻസ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി ആക്ച്ചൂറിയൽ സയൻസ് 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഇന്ദുജ ജേക്കബ് (DAS 150502/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.എസ്സി ജെനിറ്റിക്സ് ആന്റ് പ്ലാന്റ് ബ്രീഡിംഗ് ഫലം

കേരള സർവകലാശാല എം.എസ്സി ജെനിറ്റിക്സ് ആന്റ് പ്ലാന്റ് ബ്രീഡിംഗ് (ബോട്ടണി) 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിഗ്നേഷ് ആർ.എം (BOT 150511/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## പുന:ക്രമീകരിച്ച തീയതി

കേരള സർവകലാശാല ജൂലൈ 26-ന് നടത്താനിരുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക്, റിസർച്ച് മെത്തഡോളജി പരീക്ഷ ജൂലൈ 31-ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

## യോഗാ പരിശീലന രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പൊതുജനങ്ങൾക്കായി നടത്തുന്ന പ്രതിമാസ യോഗാ പരിശീലന പരിപാടിയിലെ ആഗസ്റ്റ് മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ക്ലാസുകൾ ആഗസ്റ്റ് ഒന്നിന് ആരംഭിക്കും. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ ഫോമുകൾ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0471-2306485/8921507832.

## എം.ബി.എ (ഈവനിംഗ്) പ്രവേശന പരീക്ഷാഫലം

കേരള സർവകലാശാലയുടെ ഐ.എം.കെ/യു.ഐ.എം-ലേക്കുള്ള എം.ബി.എ ഈവനിംഗ് കോഴ്സിന്റെ പ്രവേശന പരീക്ഷാഫലം സർവകലാശാലയുടെ അഡ്മിഷൻ പോർട്ടലിൽ ലഭിക്കും. കൗൺസിലിംഗ് ജൂലൈ 31-ന് കാര്യവട്ടം ഐ.എം.കെ-യിൽ വച്ച് നടക്കും.

തിരുവനന്തപുരം.
26.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098